Mathrubhumi, The National Daily in Malayalam
Sunday, October 18, 2009

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് യു.എ.ഇ. സഹകരണം തേടുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണത്തിന് കേരള സർക്കാർ യു.എ.ഇ. സർക്കാരിന്റെ സഹകരണം തേടുന്നു. ശനിയാഴ്ച തന്നെ സന്ദർശിച്ച ഇന്ത്യയിലെ യു.എ.ഇ. അംബാസിഡർ മുഹമ്മദ് സുൽത്താൻ അബ്ദുള്ള അൽ ഒവൈസിയോട് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ നിക്ഷേപം നടത്താനുള്ള സാധ്യതകൾ പരിശോധിക്കണമെന്നഭ്യർഥിച്ചു.

കേരളീയർക്ക് യു.എ.ഇ. യിൽ പോകുന്നതിനുള്ള വിസ ലഭ്യമാകുന്നതിനുള്ള തടസ്സങ്ങൾ നീക്കുക, യു.എ.ഇ.യിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ പട്ടിക ലഭ്യമാക്കുക, ഒരു ദിവസം 100 സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റുചെയ്യുന്ന ഇന്നത്തെ രീതിക്ക് പകരം 200 സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഒരു ദിവസം നടത്തുക തുടങ്ങിയ ആവശ്യങ്ങളും മുഖ്യമന്ത്രി യു.എ.ഇ. അംബാസിഡറുടെ ശ്രദ്ധയിൽപ്പെടുത്തി.

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഇരട്ടിയാക്കണമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉന്നയിച്ച ആവശ്യം പരിഗണിക്കാമെന്ന് അംബാസഡർ മുഹമ്മദ് സുൽത്താൻഅബ്ദുള്ള അൽ ഒവൈസ് പറഞ്ഞു.

ഇന്ത്യയുമായി പ്രത്യേകിച്ച് കേരളവുമായി യു.എ.ഇ.ക്ക് ചരിത്രപരമായ ബന്ധമാണുള്ളത്. യു.എ.ഇ.യിലുള്ള 17 ലക്ഷം ഇന്ത്യക്കാരിൽ പകുതിയിലേറെ മലയാളികളാണ്. യു.എ.ഇ.യിൽ ഏറ്റവും അധികം നിക്ഷേപം നടത്തിയ രാജ്യങ്ങളിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യക്ക്. ഇന്ത്യയിലെ നിക്ഷേപരാജ്യങ്ങളിൽ യു.എ.ഇ. 10-ാം സ്ഥാനത്താണ്.

ഒരാഴ്ചയിൽ 475 വിമാന സർവീസുകളാണ് ഇപ്പോൾ ഇന്ത്യയിൽനിന്നും യു.എ.ഇ.യിലേക്കുള്ളത്. അത് ഇനിയും വർധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

യു.എ.ഇ.യിലെ പ്രമുഖ ഇന്ത്യൻ വ്യവസായിയും നോർക്ക റൂട്ട്സിന്റെ വൈസ്ചെയർമാനുമായ എം.എ. യൂസഫലി, മുൻ ടൂറി കെ.എൽ. ബാലഗോപാൽ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഷീലാതോമസ്, ഐ.ടി. വി. മോഹൻകുമാർ എന്നിവർ സെക്രട്ടറി അജയ്കുമാർ, മുഖ്യ ചർച്ചകളിൽ പങ്കെടുത്തു.

തിരുവനന്തപുരത്ത് ശനിയാഴ്ച എത്തിയ യു.എ.ഇ. അംബാസഡർ മുഹമ്മദ് സുൽത്താൻ അബ്ദുള്ള അൽഒവൈസിക്ക് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഉപഹാരം നൽകുന്നു. നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ എം.എ.യൂസഫലി സമീപം

Summary:

Kerala seeks UAE investment for Vizhinjam container transshipment terminal project.

Kerala Chief Minister requested the Ambassador to expedite the solving of visa problems of job-seekers, provide the list of Keralites jailed in the UAE and to increase the number of certificates attested daily from 100 to 200.

Ambassador Mohamed Sultan Abdalla Al Owais said that the Embassy will see what can be done to increase the number of certificates that are presently being attested.

U.A.E. has historic relations with India, especially with Kerala. Out of the 17 lakh Indian population in the UAE, more than half are from Kerala. India is in the third position after the US and China with regard to investments in the UAE. UAE is in the 10th position on the investment front in India.

There are 475 flight services from India to U.A.E. These will be increased further the Ambassador said.

NRI businessman and NORKAROOTS vice-chairman M.A.Yusaf Ali, Principal Secretary to the Chief Minister Sheela Thomas, IT Secretary Ajay Kumar, NORKA-ROOTS CEO K.V.Mohan Kumar and Political Secretary to the Chief Minister Balagopal were present at the meeting.